**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 558** | **28-01-2026-ൽ മറുപടിയ്ക്ക്**

**<u>കോതമംഗലം ചേലാട് സ്റ്റേഡിയം നിർമ്മാണം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. ആന്റണി ജോൺ

ശ്രീ. ആന്റണി ജോൺ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. വി. ഡി. സതീശൻ

(മുഖ്യമന്ത്രി)

**(എ)** കോതമംഗലം മണ്ഡലത്തിൽ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന ചേലാട് സ്റ്റേഡിയം നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 16.03.2018 ലെ സ.ഉ (സാ.ധാ) നം 38/2018/കാ.യു.വ പ്രകാരം കോതമംഗലം ചേലാട് സ്റ്റേഡിയം കിഫ്ബി ഫണ്ടോട് കൂടി നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ഡിപിആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 11.02.2020 ലെ ഉത്തരവ് നം. SYA004-05/APR-3/2020/KIIFB പ്രകാരം 15,83,32,006/- രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തു. തുടർന്ന് 20.03.22 ലെ ഉത്തരവ് നം. SYA004-05/APR-3/2022/KIIFB പ്രകാരം ധനാനുമതി 17,14,60,757/- രൂപയായി ഉയർത്തി നൽകുകയും ചെയ്തിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ഈ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി നടക്കേണ്ട ഭൂമിയുടെ തരം മാറ്റേണ്ടിയിരുന്നതിനാൽ കരാറുകാരനുമായി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ കഴിഞ്ഞില്ല. കൂടാതെ പരിസ്ഥിതിയെ ബാധിക്കാതെ നിലവിലുള്ള കനാലിനെ വഴി തിരിച്ച് വിടുന്നതിനും ജലം സംഭരിക്കുന്നതിനുമുള്ള പ്രപ്പോസൽ സമർപ്പിക്കാനായി പഞ്ചായത്തിൽ നിന്നും പദ്ധതി നിർവ്വഹണ ഏജൻസിക്ക് കത്ത് ലഭിക്കുകയുണ്ടായി.തുടർന്ന് റവന്യൂ വകുപ്പിൽ നിന്നും സ്റ്റേഡിയം നിർമ്മിക്കേണ്ട സ്ഥലത്തിന്റെ അതിർത്തി അടയാളപ്പെടുത്തി ലഭിച്ചതിനു ശേഷം സർവ്വേ നടപടികൾ പൂർത്തികരിച്ച് മേല്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾപെടുത്തിയ പ്രപ്പോസൽ പദ്ധതി നിർവ്വഹണ ഏജൻസി പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു.

എന്നാൽ 26.04.2025 ലെ സ.ഉ (സാ.ധാ) നം 108/2025/കാ.യു.വ പ്രകാരം കിറ്റ്കോയെ മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയമിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്റ്റേഡിയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കോർഡുകളിൽ നിലം എന്ന രേഖപെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമായിരുന്നു. ഇതുമായി ബന്ധപെട്ട് മുൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച പ്രപ്പോസൽ 10.06.2025 ന കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിരസിച്ചതായി 07.07.2025 ലെ കത്ത് മുഖേന കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി (കൃഷി വകുപ്പ്) കിറ്റ്കോയെ അറിയിച്ചിരുന്നു.

നിലവിൽ ടി പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി സൈറ്റിലെ തോട്

ഡൈവർഷൻ ഡിസൈൻ ചെയ്യുന്നതിനായി ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിൽ നിന്നും റെയിൻഫാൾ & ഡിസ്ചാർജ്ജ് ഡേറ്റ 17.07.2025 ലെ കത്ത് മുഖാന്തിരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ലാന്റ് കൺവർഷന് ആവശ്യമായ റിപ്പോർട്ടും തയ്യാറാക്കി 18.09.2025 ൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിൽ സമർപ്പിച്ചു.

പ്രസ്തുത അപേക്ഷ 17.11.2025 ലെ സംസ്ഥാന തല സമിതി പരിശോധിക്കുകയും തുടർ രേഖകൾ 07.01.2026 ന് കത്ത് മുഖേന പദ്ധതി നിർവ്വഹണ ഏജൻസിയോട് ആവശ്യപ്പെടുകയും പ്രസ്തുത രേഖകൾ 21.01.2026 ന കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് (കൃഷി വകുപ്പ്) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ലാന്റ് കൺവർഷൻ സംബന്ധമായ തീരുമാനം അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ പരിഗണനയിലാണ്.

ഭൂമി തരം മാറ്റം പൂർത്തികരിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡിപിആർ കിഫ്ബിയിൽ സമർപ്പിക്കുന്നതും ആയത് കിഫ്ബിയിൽ പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം ഡിപിആറിന് അംഗീകാരം നൽകുന്നതാണ്. അതിനു ശേഷം പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ ക്ഷണിച്ച് പദ്ധതി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**(ബി)** തടസ്സങ്ങൾ നീക്കി സ്റ്റേഡിയം നിർമ്മാണം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** 16.03.2018 ലെ സ.ഉ (സാ.ധാ) നം 38/2018/കാ.യു.വ പ്രകാരം കോതമംഗലം ചേലാട് സ്റ്റേഡിയം കിഫ്ബി ഫണ്ടോട് കൂടി നിർമ്മിക്കുന്നതിന് സർക്കാർ ഭരണാനുമതി നൽകിയിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ഡിപിആർ തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിക്കുകയും 11.02.2020 ലെ ഉത്തരവ് നം. SYA004-05/APR-3/2020/KIIFB പ്രകാരം 15,83,32,006/- രൂപയുടെ ധനാനുമതി കിഫ്ബി നൽകുകയും ചെയ്തു. തുടർന്ന് 20.03.22 ലെ ഉത്തരവ് നം. SYA004-05/APR-3/2022/KIIFB പ്രകാരം ധനാനുമതി 17,14,60,757/- രൂപയായി ഉയർത്തി നൽകുകയും ചെയ്തിരുന്നു. തുടർന്ന് പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ഈ പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും പ്രവൃത്തി നടക്കേണ്ട ഭൂമിയുടെ തരം മാറ്റേണ്ടിയിരുന്നതിനാൽ കരാറുകാരനുമായി പ്രവൃത്തിയുടെ കരാറിൽ ഏർപ്പെടാൻ കഴിഞ്ഞില്ല. കൂടാതെ പരിസ്ഥിതിയെ ബാധിക്കാതെ നിലവിലുള്ള കനാലിനെ വഴി തിരിച്ച് വിടുന്നതിനും ജലം സംഭരിക്കുന്നതിനുമുള്ള പ്രപ്പോസൽ സമർപ്പിക്കാനായി പഞ്ചായത്തിൽ നിന്നും പദ്ധതി നിർവ്വഹണ ഏജൻസിക്ക് കത്ത് ലഭിക്കുകയുണ്ടായി.തുടർന്ന് റവന്യൂ വകുപ്പിൽ നിന്നും സ്റ്റേഡിയം നിർമ്മിക്കേണ്ട സ്ഥലത്തിന്റെ അതിർത്തി അടയാളപ്പെടുത്തി ലഭിച്ചതിനു ശേഷം സർവ്വേ നടപടികൾ പൂർത്തികരിച്ച് മേല്പറഞ്ഞ നിർദ്ദേശങ്ങൾ ഉൾപെടുത്തിയ പ്രപ്പോസൽ പദ്ധതി നിർവ്വഹണ ഏജൻസി പഞ്ചായത്തിൽ സമർപ്പിച്ചിരുന്നു.

എന്നാൽ 26.04.2025 ലെ സ.ഉ (സാ.ധാ) നം 108/2025/കാ.യു.വ പ്രകാരം കിറ്റ്കോയെ മാറ്റി സ്പോർട്സ് കേരള ഫൗണ്ടേഷനെ പദ്ധതി നിർവ്വഹണ ഏജൻസിയായി നിയമിച്ചു സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്റ്റേഡിയം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം വില്ലേജ് റിക്കോർഡുകളിൽ നിലം എന്ന രേഖപെടുത്തിയിരിക്കുന്നതിനാൽ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് ഭൂമിയുടെ തരം മാറ്റം ആവശ്യമായിരുന്നു. ഇതുമായി ബന്ധപെട്ട് മുൻ പദ്ധതി നിർവ്വഹണ ഏജൻസിയായ കിറ്റ്കോ സമർപ്പിച്ച പ്രപ്പോസൽ 10.06.2025 ന കൂടിയ സ്റ്റേറ്റ് ലെവൽ കമ്മിറ്റി നിരസിച്ചതായി 07.07.2025 ലെ കത്ത് മുഖേന കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറി (കൃഷി വകുപ്പ്) കിറ്റ്കോയെ അറിയിച്ചിരുന്നു.

നിലവിൽ ടി പ്രവൃത്തിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന ഭൂമിയുടെ തരം മാറ്റുന്നതിനാവശ്യമായ നടപടികളുടെ ഭാഗമായി സൈറ്റിലെ തോട് ഡൈവർഷൻ ഡിസൈൻ ചെയ്യുന്നതിനായി ഇറിഗേഷൻ ഡിസൈൻ ആന്റ് റിസർച്ച് ബോർഡിൽ നിന്നും റെയിൻഫാൾ & ഡിസ്ചാർജ്ജ് ഡേറ്റ 17.07.2025 ലെ കത്ത് മുഖാന്തിരം സ്പോർട്സ് കേരള ഫൗണ്ടേഷൻ ആവശ്യപ്പെട്ടിരുന്നു. ആയത് ലഭ്യമാകുകയും അതിന്റെ അടിസ്ഥാനത്തിൽ ഡിസൈനും ലാന്റ് കൺവർഷന് ആവശ്യമായ റിപ്പോർട്ടും തയ്യാറാക്കി 18.09.2025 ൽ പിണ്ടിമന ഗ്രാമപഞ്ചായത്ത് മുഖേന റവന്യൂ വകുപ്പിൽ സമർപ്പിച്ചു.

പ്രസ്തുത അപേക്ഷ 17.11.2025 ലെ സംസ്ഥാന തല സമിതി പരിശോധിക്കുകയും തുടർ രേഖകൾ 07.01.2026 ന് കത്ത് മുഖേന പദ്ധതി നിർവ്വഹണ ഏജൻസിയോട് ആവശ്യപ്പെടുകയും പ്രസ്തുത രേഖകൾ 21.01.2026 ന കാർഷികോൽപ്പാദന കമ്മീഷണർ & പ്രിൻസിപ്പൽ സെക്രട്ടറിക്ക് (കൃഷി വകുപ്പ്) സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. നിലവിൽ ലാന്റ് കൺവർഷൻ സംബന്ധമായ തീരുമാനം അഗ്രികൾച്ചറൽ പ്രൊഡക്ഷൻ കമ്മീഷണറുടെ പരിഗണനയിലാണ്.

ഭൂമി തരം മാറ്റം പൂർത്തികരിച്ച ശേഷം പദ്ധതി നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ ഡിപിആർ കിഫ്ബിയിൽ സമർപ്പിക്കുന്നതും ആയത് കിഫ്ബിയിൽ പരിശോധിച്ച് തൃപ്തികരമാകുന്ന പക്ഷം ഡിപിആറിന് അംഗീകാരം നൽകുന്നതാണ്. അതിനു ശേഷം പദ്ധതി നിർവ്വഹണ ഏജൻസിയ്ക്ക് ടെണ്ടർ ക്ഷണിച്ച് പദ്ധതി ആരംഭിക്കാൻ സാധിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**